# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം:1574** **02.07.2015- ൽ മറുപടിക്ക്**

## നെല്ലുൽപ്പാദന രംഗത്തെ പ്രവർത്തനം

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.സാജു പോൾ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തിന്റെ നെല്ലുല്പാദന രംഗത്തെ പ്രവർത്തനം പരിശോധി-ക്കാറുണ്ടോ; | (എ) ഉണ്ട്. |
| ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് ഓരോ വർഷവുമെത്ര ഹെക്ടർ സ്ഥലത്തായി എത്ര അളവ് നെല്ല് ഉൽപ്പാദി-പ്പിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; | (ബി) (see table below) |
| സി) കേരളത്തിലേക്ക് പ്രതിവർഷം ഇറക്കുമതി ചെയ്യുന്ന നെല്ലന്റെ അളവ് എത്രയെന്ന് വ്യക്തമാക്കുമോ; | (സി) കൃഷി വകുപ്പിൽ ലഭ്യമല്ല. |

(ബി)

| **വർഷം** | **വിസ്തീർണ്ണം (ഹെക്ടർ)** | **ഉൽപ്പാദനം (മെ.ടൺ)** |
|---|---|---|
| 2010-11 | 213187 | 522738 |
| 2011-12 | 208160 | 568990 |
| 2012-13 | 197277 | 508299 |
| 2013-14 | 199611 | 564325 |
| 2014-15 | എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടില്ല. | |

| | | | |
|---|---|---|---|
| ഡി) | നെല്ല് കർഷകരെ പ്രോൽസാഹിപ്പിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ഡി) | നെൽ കർഷകരെ പ്രോൽസാഹിപ്പിക്കുന്നതിനായി കൃഷി വകുപ്പ് താഴെപ്പറയുന്ന നെൽ കൃഷി വികസന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു.<br>• സുസ്ഥിര നെൽക്കൃഷി വികസനം<br>• വികസന ഏജൻസികൾക്കുള്ള ഫണ്ട്.<br>• പ്രത്യേക നെല്ലിനങ്ങളുടെ കൃഷിയ്ക്കുള്ള പ്രോൽസാഹനം.<br>• പാടശേഖര സമിതികൾക്കുള്ള പ്രവർത്തന സഹായം.<br><br>കോൾമേഖലയിലെ കോൾ കർഷകർക്ക് അവരുടെ മേഖലയിൽ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം നൽകുന്നതിനും പ്രാദേശിക അടിസ്ഥാനത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനുമായി കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ സമഗ്ര കോൾ വികസന ഏജൻസി നിലവിലുണ്ട്. |
| ഇ) | തറവില നിശ്ചയിക്കുന്നതോടൊപ്പം കൃഷിയിറക്കുന്ന സ്ഥലവിസ്തൃതിയുടെ അളവ് അനുസരിച്ച് കർഷകർക്ക് ഉൽപ്പാദന ബോണസ് അനുവദിക്കുമോ? | (ഇ) | കൃഷിയിറക്കുന്ന സ്ഥലവിസ്തൃതിയുടെ അളവ് അനുസരിച്ച് കർഷകർക്ക് ഉൽപ്പാദന ബോണസ് ഹെക്ടറിന് 1,000/- രൂപ നിരക്കിൽ അനുവദിക്കുന്നുണ്ട്. ഈ ആനുകൂല്യം ചെറുകിട നാമമാത്ര കർഷകർക്ക് മാത്രമേ ലഭ്യമാവുകയുള്ളൂ. |

സെക്ഷൻ ഓഫീസർ